**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4051** **17-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷം നെല്ലിന്റെ താങ്ങുവിലയായി കേരളത്തിന് എത്ര കോടി രൂപയാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ; | (എ) | 2024-25 സീസണിൽ 2024 ഏപ്രിൽ മുതൽ 2024 ഡിസംബർ വരെയുള്ള 936.47 കോടിയുടെ provisional ബില്ലുകളും, 2025 (jan–march)ലേയ്ക്കുള്ള Advance billഉം സമർപ്പിച്ചതിൽ കേന്ദ്രസർക്കാരിൽ നിന്ന് താങ്ങുവില (MSP) ഇനത്തിൽ 2025 (jan-march) ലേയ്ക്കുള്ള Advance ഉൾപ്പെടെ 1003.68കോടി രൂപാ അനുവദിച്ചിട്ടുണ്ട്. 2017-18 മുതൽ നാളിതുവരെ 834.68 കോടി കേന്ദ്രസർക്കാരിൽ നിന്ന് MSP ഇനത്തിൽ സപ്ലൈകോയ്ക്ക് കുടിശ്ശികയാണ്. |
| (ബി) | കേന്ദ്രം താങ്ങുവില അനുവദിക്കുന്നതിലെ മാനദണ്ഡം വിശദീകരിക്കുമോ; | (ബി) | നെല്ലിന്റെ സംഭരണവില സർക്കാർ പ്രഖ്യാപിക്കുന്നു. നെല്ല് സംഭരണവിലയിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.<br><br>MSP-Minimum Support Price– അടിസ്ഥാന താങ്ങുവില കേന്ദ്രസർക്കാർ നൽകിവരുന്നു. കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള CACP കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് – ന്റെ ശുപാർശ പ്രകാരം കേന്ദ്രസർക്കാർ ഓരോ വർഷവും നെല്ലിന് MSP പ്രഖ്യാപിക്കുന്നു.<br><br>SIB-State Incentive Bonus (സംസ്ഥാന പ്രോത്സാഹന ബോണസ്) - താങ്ങുവിലയ്ക്ക്പുറമെ SIB-State Incentive Bonus (സംസ്ഥാന പ്രോത്സാഹന ബോണസ്) സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകിവരുന്നു. വ്യക്തികൾ 5 ഏക്കർവരെയും ഗ്രൂപ്പുകൾ 25 ഏക്കർവരെയും സ്ഥലത്ത് കൃഷിചെയ്യുന്ന നെല്ലിനു മാത്രമായി സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് അധികമായി കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും കിട്ടുന്ന ഉൽപ്പന്നത്തിന് |

| | | | |
|---|---|---|---|
| | | | SIB ലഭിക്കില്ല. മറിച്ച് താങ്ങുവില (MSP) മാത്രമേ ലഭിക്കുകയുള്ളു.<br><br>നെല്ല് സംഭരണത്തിനുള്ള കേന്ദ്രതാങ്ങുവില (MSP) എല്ലാ സീസണുകളിലും അഗ്രിക്കൾച്ചർ കോസ്റ്റ് & പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) കൂടിചേർത്തിട്ടാണ് കേരളത്തിലെ സംഭരണവില സംസ്ഥാനസർക്കാർ പ്രഖ്യാപിക്കുന്നത്. 2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്രതാങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23.00 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) 5.20 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള സംഭരണവില 28.32 രൂപ/kg ആണ്. |
| (സി) | സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എത്ര കോടി രൂപയാണ് നെല്ല സംഭരണത്തിനായി അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ? | (സി) | 2024-25 സാമ്പത്തികവർഷം നെല്ല് സംഭരണത്തിനായി 16.08.2024ലെ സ.ഉ.(സാധാ)നം.247/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 50 കോടി രൂപയും 16.11.2024ലെ സ.ഉ.(സാധാ)നം.369/2024/ F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 175 കോടി രൂപയും ഉൾപ്പെടെ ആകെ 225 കോടിരൂപ സർക്കാർ സപ്ലൈകോ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) - നെല്ലുസംഭരണം - സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ-പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.247/2024/F&CS തീയതി,തിരുവനന്തപുരം, 16-08-2024

---

പരാമർശം:- 1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 13.06.2024ലെ CCS/333/2024-H1 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ-സംസ്കരണ വിതരണ പദ്ധതിപ്രകാരം സംസ്ഥാനത്ത കർഷകരിൽനിന്നും സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണത്തിനായി സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 2408-01-101-96-33 ശീർഷകത്തിൽനിന്നും 50 കോടി രൂപ ചുവടെ ചേർത്തിരിക്കുന്ന ഉപാധികളോടെ സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുക സപ്ലൈകോയ്ക്ക് റിലീസ് ചെയ്തുനൽകുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

1) 2022-23 കാലയളവിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുവാനുള്ള 207 കോടി രൂപ എത്രയും വേഗം നേടിയെടുക്കുന്നതിനുള്ള (2024 സെപ്റ്റംബർ 15നു മുൻപുതന്നെ) നടപടികൾ സപ്ലൈകോ കൈക്കൊള്ളണം.

2) സപ്ലൈകോ സിഎംഡിയും സിവിൽ സപ്ലൈസ് കമ്മീഷണറും മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ ഡാറ്റ ഒത്തുനോക്കി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ ഫണ്ട് അനുവദിക്കുന്നത്.കൂടാതെ, ഇക്കാര്യത്തിലുള്ള പുരോഗതി റിപ്പോർട്ട് എത്രയുംവേഗം സർക്കാരിൽ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, തിരുവനന്തപുരം)
ധനകാര്യ വകുപ്പ് (ധനകാര്യ (അഗ്രി-സി) വകുപ്പിന്റെ 13.08.2024ലെ 2083334/Agri-C1/105/2022-FIN നമ്പർ റിമാർക്സ്)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്ക് (വെബ് & ന്യ മീഡിയ) വകുപ്പ്
കരുതൽ ഫയൽ ' ഓഫീസ് കോപ്പി (FCSD-C1/84/2024-FCSD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ-പൊതുവിതരണ വകുപ്പുസെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുട സി.എ.യ്ക്ക്
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) - നെല്ലുസംഭരണം - സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ-പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.369/2024/F&CS തീയതി, തിരുവനന്തപുരം, 16-11-2024

---

പരാമർശം:- പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 24.10.2024ലെ CCS/3633/2024-H1 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ-സംസ്കരണ വിതരണ പദ്ധതിപ്രകാരം സംസ്ഥാനത്തെ കർഷകരിൽനിന്നും സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണത്തിനായി സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 2408-01-101-96-33-NP എന്ന ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നിന്നും 175 കോടി രൂപ (നൂറ്റിഎഴുപത്തിയഞ്ചുകോടി രൂപ മാത്രം) സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുക സപ്ലൈകോയ്ക്ക് റിലീസ് ചെയ്തുനൽകുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, തിരുവനന്തപുരം)
ധനകാര്യ വകുപ്പ് (14.11.2024ലെ 2083334-Agri C1/105/2022-FIN നമ്പർ റിമാർക്സ്)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി (FCSD-C1/35/2022-FCSD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ-പൊതുവിതരണ വകുപ്പുസെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്